**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5027** **04-07-2024 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാര മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സാഹസിക വിനോദസഞ്ചാരം വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സാഹസിക വിനോദ സഞ്ചാരം വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നു. കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന സ്വകാര്യ പങ്കാളിത്തത്തോടെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ ആർച്ചറി, റൈഫിൾ ഷൂട്ടിംഗ്, ഹൈ റോപ്പ് ആക്ടിവിറ്റീസ്, എ.ടി.വി തുടങ്ങിയ സാഹസിക ടൂറിസം ആക്ടിവിറ്റികൾ നടന്നു വരുന്നു. കൂടാതെ പുലിക്കയത്ത് അന്താരാഷ്ട്ര കയാക്കിംഗ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. ലോക കയാക്കിംഗ് ചാമ്പ്യൻഷിപ്പിനുള്ള സൗകര്യമൊരുക്കലും, കയാക്കിംഗ് പരിശീലനത്തിനും മത്സരങ്ങൾക്കുമായി വിനോദസഞ്ചാരവകുപ്പ് യാഥാർഥ്യമാക്കിയ ഒരു പദ്ധതിയാണിത്.<br><br>സ്വകാര്യ നിക്ഷേപവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ടൂറിസം നിക്ഷേപ സംഗമം (TIM) സംഘടിപ്പിച്ചു. TIM വഴി സാഹസിക ടൂറിസം മേഖലയിൽ തന്നെ നിക്ഷേപം നടത്തുന്നതിനും, പുതിയ സാഹസിക ആക്ടിവിറ്റികൾ ആരംഭിക്കുന്നതിനും നിരവധി അപേക്ഷകൾ വന്നിട്ടുണ്ട്. അതുപോലെതന്നെ സാഹസിക വിനോദ സഞ്ചാരത്തിന് ഉണർവ്വേകാൻ തയ്യാറായി നിരവധി സ്റ്റാർട്ടപ്പുകളും അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇവയെല്ലാം വിശദമായി പരിശോധിച്ച് സാഹസിക വിനോദ സഞ്ചാര മേഖലയിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ മേഖലയിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സാഹസിക ടൂറിസം ആക്ടിവിറ്റി ചെയ്യുന്ന യൂണിറ്റുകൾക്കായി ടൂറിസം വകുപ്പ് ഒരു രജിസ്ട്രേഷൻ നടപടിക്രമം കൊണ്ടുവന്നിട്ടുണ്ട്. 14.10.2019 |

| | | | |
|---|---|---|---|
| | | | തീയതിയിലെ സ.ഉ(കൈ)നം.18/2019/ടൂറിസം, 26.07.2021 തീയതിയിലെ സ.ഉ(കൈ)നം.13/2021/ടൂറിസം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സാഹസിക പ്രവർത്തനങ്ങൾക്കായി "കേരള ടൂറിസം അഡ്വഞ്ചർ & ആക്ടിവിറ്റി ബേസ്ഡ് ടൂറിസം സേഫ്റ്റി & സെക്യൂരിറ്റി റെഗുലേഷൻസ്" നടപ്പാക്കി വരുന്നു.<br><br>സർക്കാർ ഉത്തരവുകളും, റെഗുലേഷൻസും പാലിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും, തദ്ദേശസ്വയം ഭരണ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ് . |
| (സി) | സാഹസിക വിനോദസഞ്ചാര മേഖലയുടെ വികാസം സംസ്ഥാനത്ത് ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സാഹസിക വിനോദ സഞ്ചാര മേഖല ഇന്ന് കേരളത്തിൽ ഏററവും തൊഴിൽ സാധ്യതയുള്ള മേഖലയായി വളർന്നിരിക്കുന്നു. സംസ്ഥാനത്ത് കര, ജല, വ്യോമ മേഖലകളിൽ സാഹസിക ടൂറിസം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടൂറിസം വകുപ്പിന് കീഴിലെ അനുബന്ധ ഏജൻസികളും ഡി.ടി.പി.സി കളിലുമായി എല്ലാ ജില്ലകളിലും വിവിധങ്ങളായ സാഹസിക യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിലവിൽ സാഹസിക വിനോദ സഞ്ചാര മേഖലയിൽ 3000 ന മുകളിൽ ജീവനക്കാർ കേരളത്തിൽ പൊതു സ്വകാര്യ മേഖലകളിൽ ജോലി ചെയ്തു വരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് സാഹസിക വിനോദസഞ്ചാര മേഖലയിൽ ലഭ്യമായ വരുമാനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സെന്ററുകളിൽ നിന്നു മാത്രമായി 23.5 കോടി രൂപയുടെ വരുമാനം 2023-24 സാമ്പത്തിക വർഷം നേടുകയുണ്ടായി. ഈ സർക്കാർ നിലവിൽ വന്ന ശേഷം സാഹസിക ടൂറിസത്തിന് നൽകുന്ന പ്രാധാന്യം വഴി ഡി.ടി.പി.സി.കളും, ടൂറിസം അനുബന്ധ ഏജൻസികളും സാഹസിക ടൂറിസം യൂണിറ്റുകൾ വഴി കൂടുതൽ തൊഴിലവസരങ്ങളും, മികച്ച വരുമാനവും ലഭ്യമായിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ സാഹസിക വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും GST ഇനത്തിൽ ഗവൺമെന്റിന് മികച്ച വരുമാനം ലഭിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ